**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1245** **12-02-2025 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട വിഭാഗം പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മണ്ഡലത്തിലെ മഞ്ചേരി ഫയർ സ്റ്റേഷൻ, പാണ്ടിക്കാട് ഗവൺമെൻറ് ഗസ്റ്റ് ഹൗസ് , മഞ്ചേരി ഗവൺമെൻറ് നഴ്സിംഗ് സ്കൂൾ എന്നീ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | മഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്.<br><br>മഞ്ചേരി ഗവൺമെന്റ് നഴ്സിംഗ് സ്കൂൾ എന്ന പ്രവൃത്തിയുടെ സ്കീം സ്കെച്ച് 18/10/2024 ന cleint department അംഗീകരിച്ച് നൽകിയിട്ടുണ്ട്. സൈറ്റിന്റെ contour map പരിശോധിച്ചതിൽ നിന്നും കുത്തനെയുള്ള ചരിവ് കാരണം പ്രസ്തുത സ്ഥലം നിർമ്മാണത്തിനു അനുയോജ്യമല്ലായെന്നും സാധ്യമാവുമെങ്കിൽ മറ്റൊരു സ്ഥലം കണ്ടെത്തുന്നതാണ് ഉചിതമെന്നും ചീഫ് ആർക്കിടെക്ട് നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ ഘടന നിലനിർത്തിക്കൊണ്ടുതന്നെ നിർമ്മാണ പ്രവൃത്തി തുടങ്ങുന്നതിനായി ചീഫ് ആർക്കിടെക്ടുമായുള്ള ചർച്ചകൾ പുരോഗമിച്ചു വരുന്നു.<br><br>പാണ്ടിക്കാട് ഗവ.ഗസ്റ്റ് ഹൗസുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഒന്നും തന്നെ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ ഇല്ല. പാണ്ടിക്കാട് റസ്റ്റ് ഹൗസ് കെട്ടിടം പ്രീ ഫാബ്രിക്കേറ്റഡ് രീതിയിൽ നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിനുള്ള വിശദാംശങ്ങൾ സംയുക്തതല പരിശോധനയിലൂടെ ലഭ്യമാക്കി, സ്ട്രക്ചറൽ വിംഗിന്റെ കൂടി നിർദ്ദേശങ്ങൾക്കനുസരിച്ച് ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | മഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്.<br><br>മഞ്ചേരി ഗവൺമെന്റ് നഴ്സിംഗ് സ്കൂൾ എന്ന പ്രവൃത്തിയുടെ സ്കീം സ്കെച്ച് 18/10/2024 ന cleint department അംഗീകരിച്ച് നൽകിയിട്ടുണ്ട്. സൈറ്റിന്റെ contour map പരിശോധിച്ചതിൽ നിന്നും |

| | | | |
|---|---|---|---|
| | | | കുത്തനെയുള്ള ചരിവ് കാരണം പ്രസ്തുത സ്ഥലം നിർമ്മാണത്തിനു അനുയോജ്യമല്ലായെന്നും സാധ്യമാവുമെങ്കിൽ മറ്റൊരു സ്ഥലം കണ്ടെത്തുന്നതാണ് ഉചിതമെന്നും ചീഫ് ആർക്കിടെക്ട് നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ ഘടന നിലനിർത്തിക്കൊണ്ടുതന്നെ നിർമ്മാണ പ്രവൃത്തി തുടങ്ങുന്നതിനായി ചീഫ് ആർക്കിടെക്ടുമായുള്ള ചർച്ചകൾ പുരോഗമിച്ചു വരുന്നു.<br><br>പാണ്ടിക്കാട് ഗവ.ഗസ്റ്റ് ഹൗസുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഒന്നും തന്നെ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ ഇല്ല. പാണ്ടിക്കാട് റസ്റ്റ് ഹൗസ് കെട്ടിടം പ്രീ ഫാബ്രിക്കേറ്റഡ് രീതിയിൽ നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിനുള്ള വിശദാംശങ്ങൾ സംയുക്തതല പരിശോധനയിലൂടെ ലഭ്യമാക്കി, സ്ട്രക്ചറൽ വിംഗിന്റെ കൂടി നിർദ്ദേശങ്ങൾക്കനുസരിച്ച് ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ